ഉത്തരം

(എ) പ്രീഡിഗ്രിക്ക് ഉണ്ടായിരുന്ന എല്ലാ സംവരണ ആനുകൂല്യങ്ങളും പ്ലസ് ടു വിലും നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവറ്റ് മാനേജുമെന്റുകളിലും മേൽപ്പറഞ്ഞ സംവരണ തത്വം ബാധകമാണ്.

പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

49(457) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിൽ എന്തെങ്കിലും മാനദണ്ഡം സർക്കാർ സ്വീകരിച്ചിരുന്നോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്കൂളുകൾക്ക് മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നോ ;

(ഡി) ഇതുവരെ അനുവദിച്ച പ്ലസ് ടു കോഴ്സുകൾ സർക്കാർ, ന്യൂനപക്ഷ സാമുദായിക മാനേജ്മെന്റ്, വ്യക്തിഗത മാനേജുമെന്റ് എന്ന പ്രത്യേക കാറ്റഗറിയായി തിരിച്ചു വ്യക്തമാക്കുമോ ;

(ഇ) വ്യക്തിഗത മാനേജുമെന്റ് സ്കൂളുകൾക്ക് കൂടുതൽ മുൻതൂക്കം നൽകിയെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ന്യൂനപക്ഷങ്ങളിൽ ഓരോ സമുദായത്തിനും എൻ.എസ്.എസ്-നും നൽകിയ സ്കൂളുകളുടെ എണ്ണം പ്രത്യേകമായി വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്ലസ് ടു അനുവദിച്ചിരിക്കുന്നത്.

(ബി) മാനദണ്ഡങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സർക്കാർ സ്കൂളുകൾക്ക് മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അങ്ങനെ ഒരാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ് ടു വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി

50(458) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കന്ററി രംഗത്ത് പ്രീഡിഗ്രി വേർപ്പെടുത്തൽ പൂർത്തിയായ സാഹചര്യത്തിൽ പ്ലസ് ടു വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) നിലവിൽ സ്പെഷ്യൽ റൂൾ ഇല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ നടക്കുന്ന നിയമനങ്ങളുടെ രീതി എപ്രകാരം എന്ന് വ്യക്തമാക്കുമോ ;

(ഡി) ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) അദ്ധ്യാപക നിയമനത്തിന് ഇപ്പോൾ യോഗ്യതാ നിർണ്ണയ പരീക്ഷ കൂറ്റമറ്റമാക്കുന്നതിനു സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ പ്ലസ് ടു സ്കൂളുകളിലും കംപ്യൂട്ടർ സൗകര്യം ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഇവ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ, നിശ്ചിത സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്തിവരുന്നു.

(ബി) സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനു മുന്നോടിയായി വിവിധ അദ്ധ്യാപക അനദ്ധ്യാപക സംഘടനകളുമായി ചർച്ചകൾ നടത്തിവരുന്നു. സ്പെഷ്യൽ റൂൾസ് ഉടൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(സി) എല്ലാ നിയമനങ്ങളും താൽക്കാലികാടിസ്ഥാനത്തിലാണ് നടത്തുന്നത്.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് ഗവൺമെന്റ് പ്ലസ് ടു സ്കൂളുകളിൽ 1997-98-ൽ ഹയർ സെക്കന്ററി ഡയറക്ടർ തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ നിന്ന് മുഴുവൻ പേരെയും

LIBRARY ARCHIVES Kerala Legislative Assembly